പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 283

12/12/2014- ൽ മറുപടിക്ക്

**പക്ഷിപ്പനിക്കെതിരെ മുൻകരുതലുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ :<br>ഡോ. ടി.എം. തോമസ് ഐസക്:<br>ശ്രീ. സി.കെ സദാശിവൻ :<br>ശ്രീ. എ.എം. ആരിഫ്: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് എവിടെയായിരുന്നു; | എ) സംസ്ഥാനത്ത് പക്ഷിപ്പനി ആദ്യം റിപ്പോർട്ട് ചെയ്തത് ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, കോട്ടയം ജില്ലയിലെ അയ്മനം എന്നീ പ്രദേശങ്ങളിലാണ്. |
| ബി) പക്ഷിപ്പനി കൂടുതൽ മേഖലയിലേയ്ക്ക് പടരാതിരിക്കാൻ പ്രതിരോധ പ്രവർത്തനത്തിനുള്ള കിറ്റുകൾ സജ്ജമാക്കിയിരുന്നുവോ; | ബി) മൃഗസംരക്ഷണ വകുപ്പിന്റെ കൈവശം ഉണ്ടായിരുന്ന എണ്ണൂറോളം കിറ്റുകൾ ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തിനകത്തുനിന്നും, പുറമെ നിന്നുമായി 2000 കിറ്റുകൾ കൂടി അടിയന്തരമായി വാങ്ങി. കൂടുതൽ കിറ്റുകൾ ആവശ്യമായതിനാൽ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച 10000 കിറ്റുകൾ ഡൽഹിയിൽ നിന്നും വിമാനമാർഗ്ഗം കൊണ്ടുവന്നു. കൂടാതെ അടിയന്തിര സാഹചര്യം നേരിടുന്നതിന് കൂടുതലായി 10000 കിറ്റുകൾ വാങ്ങുന്നതിനുവേണ്ട നടപടികളും എടുത്തിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് പക്ഷിപ്പനിപോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ? | സി) വകുപ്പിന് കീഴിലുള്ള തിരുവല്ല പക്ഷിരോഗനിർണ്ണയ ലബോറട്ടറി, പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസ്, പാലക്കാട് റീജിയണൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി, എന്നിവിടങ്ങളിൽ പക്ഷിപ്പനി പോലുള്ള രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള പ്രാഥമിക പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനമുണ്ട്. എന്നാൽ രോഗം സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളോ അംഗീകാരമോ ടി ലാബുകൾക്കില്ല. |

സെക്ഷൻ ഓഫീസർ